പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 577 | 27.10.2011-ൽ മറുപടിക്ക് |
|---|---|

## നോർക്ക റൂട്സിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.പി. വിൻസെന്റ്<br>" കെ. അച്ചുതൻ<br>" വർക്കല കഹാർ | ശ്രീ. കെ.സി. ജോസഫ്<br>(ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നോർക്ക റൂട്ട്സിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടുവരുന്നത്; | (എ) | നോർക്ക റൂട്ട്സിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലേയ്ക്കായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, എന്നീ ജില്ലകളിലുള്ള മേഖലാ (റീജിയണൽ) ഓഫീസുകൾക്ക് പുറമേ ജില്ലകളിലുള്ള നോർക്ക സെല്ലുകൾ ശക്തമാക്കുന്നതിന്റെ ഭാഗമായി കോട്ടയം, മലപ്പുറം, പത്തനംതിട്ട, കണ്ണൂർ, കാസർഗോഡ്, തൃശ്ശൂർ എന്നീ ജില്ലകളിൽ നോർക്ക റൂട്ട്സിന്റെ മുഴുവൻ സമയ സെല്ലുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ നോർക്ക റൂട്ട്സ് സെല്ലിന്റെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. മറ്റു ജില്ലകളിൽ സമയബന്ധിതമായി പ്രസ്തുത സെല്ലുകൾ ശക്തിപ്പെടുത്തുന്നതാണ്. പുറമെ നോർക്ക റൂട്ട്സ് ഓഫീസകൾ ഗുജറാത്തിലെ ബറോഡയിലും, ചെന്നൈയിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>നോർക്ക റൂട്ട്സ് പ്രവാസികളിലെത്തിക്കുന്ന സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി താഴെപ്പറയുന്ന മറ്റു നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br><br>പ്രവാസി കേരളീയർക്കായി ഒരു കോൾ സെന്റർ നോർക്ക വകുപ്പിന്റെ ഔദ്യോഗിക കെട്ടിടമായ നോർക്ക സെന്ററിൽ ആരംഭിച്ചിട്ടുണ്ട്. 18004253939 എന്ന ടോൾ ഫ്രീ നമ്പർ ഇതിനായി ഒരുക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സർക്കാരിന്റെ 100 ദിവസത്തെ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നപ്രകാരം2011 സെപ്റ്റംബർ മാസം 2-ാം തീയതി നോർക്ക സെന്ററിന്റെ ഔദ്യോഗികമായ ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി നിർവ്വഹിച്ചു. ടി ഓഫീസിൽ പുതിയ കോൾ സെന്ററിന്റേയും അറ്റസ്റ്റേഷൻ സെന്ററിന്റേയും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>ധനസഹായ പദ്ധതികളായ ചെയർമാൻ ഫണ്ടിലൂടെയുള്ള ധനസഹായം 10000 ൽ നിന്നും 25,000 രൂപയായി വർദ്ധിപ്പിച്ചു. ചെയർമാൻ ഫണ്ടിൽ അപേക്ഷിക്കുന്നവരുടെ വാർഷിക വരുമാന പരിധി നിലവിലെ 25,000 ൽ നിന്നും 50,000 രൂപയായി ഉയർത്തിയിട്ടുണ്ട്.<br>നോർക്ക റൂട്ട്സ് നൽകിവരുന്ന പ്രവാസി തിരിച്ചറിയൽ കാർഡ് ഉടമകൾക്ക് 3 വർഷത്തേയ്ക്കുള്ള അപകട ഇൻഷ്വറൻസ് പരിരക്ഷ 1 ലക്ഷം രൂപയിൽ നിന്നും 2ലക്ഷം രൂപയായി വർദ്ധിപ്പിക്കുവാനും സ്ഥിര വൈകല്യങ്ങൾക്ക് 2 ലക്ഷം രൂപയും ഭാഗികമായ വൈകല്യങ്ങൾക്ക് 1 ലക്ഷം രൂപ വരെ നൽകുവാനും തീരുമാനിച്ചിട്ടുണ്ട്. തിരിച്ചറിയൽ കാർഡിനുള്ള അപേക്ഷ ഓൺ ലൈൻ ആക്കി ഇ-പെയ്മെന്റ് സംവിധാനം ഒരുക്കുന്നുണ്ട്.<br>നോർക്ക റൂട്ട്സിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മേഖലാ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ കേന്ദ്രങ്ങൾക്കു പുറമെ, ഇടുക്കി, വയനാട് ഒഴികെയുള്ള എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും മാസത്തിൽ നിലവിലുള്ള ഒരു ദിവസത്തിൽ നിന്നും രണ്ടു ദിവസം അറ്റസ്റ്റേഷൻ സേവനം നൽകാൻ തീരുമാനിച്ചു നടപ്പിലാക്കി വരുന്നുണ്ട്.<br>വിദേശത്ത് ജോലിഎടുക്കുന്നുവരുടേയും കേരളത്തിൽ നിക്ഷേപം നടത്തുന്നതിന് താല്പര്യമുള്ള വിദേശ മലയാളികളുടെയും ഒരു സംഗമം 2011 ഡിസംബർ 29 & 30 തിയതികളിൽ തിരുവനന്തപുരത്ത് മസ്ക്കറ്റ് ഹോട്ടലിൽ വച്ച് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2012 ഏപ്രിൽ മാസത്തിൽ നടത്തുന്ന എമർജിംഗ് കേരള മീറ്റിന്റെ മുന്നോടിയായി ആണ് ഈ മീറ്റ് നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | കേന്ദ്ര സർക്കാരിൽ ഔദ്യോഗിക റിക്രൂട്ട്മെന്റ് ഏജന്റായി **B-549/KER/Com/1000+/05/8760/ 2011** നമ്പർ പ്രകാരം നോർക്ക റൂട്ട്സിനെ വീണ്ടും അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. അതു പ്രകാരം ഈ സർക്കാർ അധികാരമേറ്റശേഷം 16 പേരെ വിദേശ ജോലിക്ക്റിക്രൂട്ട് ചെയ്യുകയും ചെയ്തിരുന്നു. ഇതിനോടൊപ്പം 56 പേരെ റിക്രൂട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഏതെല്ലാം അറ്റസ്റ്റേഷനുകളാണ് ഇപ്പോൾ നടത്തി വരുന്നത്; | (ബി) | എച്ച്.ആർ.ഡി./എം.ഇ.എ. അറ്റസ്റ്റേഷൻ യു.എ.ഇ., സൗദി അറേബ്യ, കുവൈറ്റ് എന്നീ രാജ്യങ്ങളുടെ എംബസ്സി അറ്റസ്റ്റേഷൻ, മറ്റ് 101 രാജ്യങ്ങളുടെ അപ്പോസ്റ്റൽ അറ്റസ്റ്റേഷൻ എന്നിവ നോർക്ക റൂട്ട്സ് മുഖാന്തിരം ലഭ്യമാക്കി വരുന്നു. |
| (സി) | പ്രവാസികൾക്കായുള്ള എല്ലാ സാക്ഷ്യപ്പെടുത്തലുകളും നോർക്ക വഴി നടത്തുന്ന കാര്യം പരിഗണിക്കുമോ; | (സി) | വിദ്യാഭ്യാസേതര സർട്ടിഫിക്കറ്റുകൾ ആഭ്യന്തരവകുപ്പിൽ നടത്തുന്നു. എച്ച്.ആർ.ഡി,.എം.ഇ.എ. അറ്റസ്റ്റേഷൻ, യു.എ.ഇ., സൗദി അറേബ്യ, കുവൈറ്റ് എന്നീ രാജ്യങ്ങളുടെ എംബസി അറ്റസ്റ്റേഷൻ 101 രാജ്യങ്ങളിലേക്കുള്ള അപ്പോസ്റ്റൽ അറ്റസ്റ്റേഷൻ എന്നിവ നോർക്ക റൂട്ട്സ് നടത്തുന്നു. |
| (ഡി) | സ്വകാര്യ ഏജൻസികൾ ലഭ്യമാക്കുന്ന എല്ലാ എംബസി അറ്റസ്റ്റേഷനും നോർക്ക റൂട്സ് വഴി ചെയ്യാനുള്ള സംവിധാനങ്ങളെക്കുറിച്ച് ആലോചിക്കുമോ? | | മേൽപ്പറഞ്ഞ അറ്റസ്റ്റേഷനുകൾക്ക് പുറമെ മറ്റു രാജ്യങ്ങളിലേക്കുള്ള സാക്ഷ്യപ്പെടുത്തലുകൾ കൂടി നോർക്ക റൂട്ട്സ് വഴി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ